**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ കുർബാനയെ കുറിച്ച് വിശുദ്ധ വിയാനി



1.യജമാനന്റെ പാദത്തിലേക്കു നായ എന്നതുപോലെ ഞാൻ ദിവ്യസക്രാരിയുടെ പാദങ്ങളിൽ വീഴുന്നു.

2.ലോകത്തിലെ യാതൊരു സത്പ്രവൃത്തിയും വി. ബലിയെന്നമഹാത്യാഗത്തിന് തുല്യമല്ല. മറ്റുള്ളവയെല്ലാം മനുഷ്യരുടെ പ്രവൃത്തികളാണ്. ദിവ്യബലിയാകട്ടെ ദൈവത്തിന്റെയും. രക്തസാക്ഷിത്വംപോലും അതിനു തുല്യമല്ല. കാരണം അത് മനുഷ്യൻ ദൈവത്തിനായി അർപ്പിക്കുന്ന ത്യാഗമാണ്. ദിവ്യബലിയാകട്ടെ ദൈവം മനുഷ്യനു അർപ്പിക്കുന്ന ത്യാഗവും.

3.മനുഷ്യഹൃദയങ്ങളിൽ സ്നേഹം എരിയിക്കാൻ വേണ്ടിയുള്ളതാണ് വാഴ്ത്തിയ ഓരോ തിരുവോസ്തിയും.

4.നാം ദിവ്യകാരുണ്യനാഥനെ ആരാധിക്കുമ്പോൾ, നിർമ്മലതയോടെ അവിടുത്തോട് സംസാരിക്കുമ്പോൾ അവിടുന്ന് അമ്മയെപോലെ നമ്മെ കരങ്ങളിലെടുത്ത് മുത്തം കൊണ്ട് മൂടും.

5.രാത്രിയിലെങ്ങാനും നിങ്ങൾ ഉണരുകയാണെങ്കിൽ മനസ്സുകൊണ്ട് സക്രാരിയുടെ മുന്നിൽ നിൽക്കുക. എന്നിട്ട് ഉരുവിടുക.ദൈവമേ, ഞാനങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു. അങ്ങേക്കു നന്ദി പറയുന്നു. അങ്ങയെ സ്നേഹിക്കുന്നു. മാലാഖമാരൊത്ത് അവിടുത്തോട് ചേർന്നിരിക്കുന്നു.

6.ആത്മാവ് ദൈവത്തിനായി ദാഹിക്കുന്നു. ദൈവമല്ലാതെ മറ്റൊന്നും ആ ദാഹം ശമിപ്പിക്കില്ല. അതിനാൽ അവിടുന്ന് ഒരു ശരീരം സ്വീകരിച്ച് നമ്മടൊത്ത് വസിക്കാൻ ഈ ഭൂമിയിൽ വന്നു. നമ്മുടെ ആത്മാവിന് ഭക്ഷണമായി.

7.ദിവ്യബലിയിലുള്ള എല്ലാ കാര്യങ്ങളും ഗ്രഹിക്കാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ മനുഷ്യഹൃദയം പിന്നെ മറ്റൊന്നിനും വണ്ടി ആഗ്രഹിക്കുമായിരുന്നില്ല.

വിശുദ്ധ വിയാനീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...